കേരള കാർഷിക സർവകലാശാല
കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം 676 509, മലപ്പുറം (ജില്ല)
ഇ മെയിൽ-:- arsanakkayam@kau.in, ഫോൺ : 0483- 2848050

നം. എ2– 2630/25 തീയ്യതി : 23.10.2025

## ക്വട്ടേഷൻ പരസ്യം

ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിലേക്ക് മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കുന്നതിന് ആവശ്യമായ ഗുണനിലവാരമുള്ള പച്ചചാണകം ആവശ്യാനുസരണം എത്തിച്ചു തരുവാൻ താൽപ്പര്യമുള്ളവരിൽ നിന്ന് മത്സരാടിസ്ഥാനത്തിൽ സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

നിബന്ധനകൾ :

1. നല്ല ഗുണമേൻമയുള്ള, മണ്ണോ മറ്റു മാലിന്യങ്ങളോ കലരാത്ത പച്ചചാണകം ആണ് ഇറക്കിതരേണ്ടത്.
2. പരമാവധി ജലാംശം 70 %, ജലാംശം കൂടുതൽ ആണെങ്കിൽ ആനുപാതികമായി വില കുറയ്ക്കുന്നതാണ്.
3. വണ്ടി വാടകയും, മറ്റെല്ലാ ചെലവുകളും ഉൾപ്പെടെ ഈ ഫാമിൽ നിർദേശിച്ച സ്ഥലത്ത് (റോഡ് സൈഡിൽ) ഇറക്കിത്തരുന്നതിനുള്ള ഒരു ടൺ ചാണകത്തിന്റെ വിലയാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്.
4. സീൽ ചെയ്ത കവറിനു മുകളിൽ 'പച്ചചാണകം വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ ' എന്നെഴുതിയിരിക്കണം.
5. ക്വട്ടേഷനുകൾ **04.11.2025** ന് രാവിലെ **11** മണിക്കകം ഈ ഓഫീസിൽ കിട്ടിയിരിക്കേണ്ടതാണ്. അന്നുതന്നെ 11.30 ന് ക്വട്ടേഷനുകൾ തുറക്കുന്നതും ക്വട്ടേഷനിൽ ഏറ്റവും കുറഞ്ഞ തുക കാണിച്ചിരിക്കുന്ന ആളുടെ പേരിൽ ക്വട്ടേഷൻ ഉറപ്പിക്കുന്നതുമായിരിക്കും.
6. ക്വട്ടേഷൻ അയക്കേണ്ട വിലാസം "പ്രൊഫസർ & ഹെഡ് കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം – 676 509".
7. ക്വട്ടേഷൻ ഉറപ്പിച്ച ആൾ പച്ചചാണകം ഫാമിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് കൃത്യമായി ഫാമിൽ എത്തിക്കേണ്ടതാണ്.
8. ക്വട്ടേഷൻ ഉറപ്പിക്കുവാനോ ഉറപ്പിക്കാതിരിക്കുവാനോ മാറ്റിവെക്കുവാനോ ഉള്ള എല്ലാ അധികാരങ്ങളും ടി കേന്ദ്രത്തിലെ മേധാവിയിൽ നിക്ഷിപ്തമാണ്.
9. സർക്കാർ ക്വട്ടേഷൻ വ്യവസ്ഥകളെല്ലാം ഈ ക്വട്ടേഷനും ബാധകമായിരിക്കും.
10. ക്വട്ടേഷൻ ഉറപ്പിച്ച തീയ്യതി മുതൽ ഒരു വർഷത്തേക്ക് ആയിരിക്കും ക്വട്ടേഷന്റെ കാലാവധി.
11. ചാണകം കൊണ്ടുവരുന്ന വണ്ടിയുടെ കാലിത്തൂക്കവും ലോഡ് അടക്കമുള്ള തൂക്കവും കാണിക്കുന്ന സ്ലിപ്പുകൾ (ലീഗൽ മെട്രോളജി വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്നും) ഓരോ ലോഡിനും ഹാജരാക്കേണ്ടതാണ്.

(ഒപ്പ്)

പ്രൊഫസർ & ഹെഡ് i/c

പകർപ്പ്

നോട്ടീസ് ബോർഡ് (ഓഫീസ്/ഫാം)
ആനക്കയം പഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡ്
ആനക്കയം വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്
ഫാം സൂപ്രണ്ട്
സർക്കുലേഷൻ
കെ. എ. യു വെബ് സൈറ്റ്
ആനക്കയം കൃഷിഭവൻ, നോട്ടീസ് ബോർഡ്